"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - വാഴപ്പള്ളി എൽ.പി.എഎസ്.-ലെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4053/2026/GEDN തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:-

1. സ.ഉ(കൈ) നം.54/2024/പൊ.വി.വ തീയതി 01.06.2024
2. വാഴപ്പള്ളി എൽ.പി.എഎസ്.-ലെ മാനേജർ 18.09.2025 തീയതിയായി സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
3. ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19.12.2025 ലെ D/1147/2025 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.12.2025 തീയതിയിലെ F4/24538/2025/DGE നമ്പർ കത്ത്

**ഉത്തരവ്**

വാഴപ്പള്ളി എൽ.പി.എഎസ്.-ലെ യു.എം.റാഷിദിന്റെ നിയമനം 02.07.2007 മുതൽ 31.05.2011 വരെ തുടർച്ചയായി അംഗീകരിച്ച് വെക്കേഷൻ ശമ്പളം ഉൾപ്പെടെ അനുവദിക്കുന്നതിന് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ 19.12.2025 തീയതിയിൽ വാദം കേട്ടു.

**2.ഹർജിക്കാരൻ താഴെ പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു :**

വാഴപ്പള്ളി എൽ.പി.എസ്സിൽ 2007-08 വർഷം ഉണ്ടായ അധിക തസ്തികയിൽ 04.06.2007 മുതൽ എന്നെ ടി സ്കൂളിലെ എൽ.പി.എസ്.എ ശ്രീമതി. ശ്രീകല. എസ്. 01-07-2007 മുതൽ 30.06.2011 വരെയുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിൽ ശ്രീ. ജി.ആർ.രാഗേഷിനെ 02.07.2007 മുതൽ 30.06.2011 വരെ നിയമിക്കുകയും ചെയ്തിരുന്നു. ശ്രീമതി ശ്രീകല.എസ്സിൻ്റെ ശൂന്യവേതനാവധി 13.08.2007 ലെ സ.ഉ (സാധാ) നം. 3767/2007/പൊ.വി.വ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. തുടർന്ന് ശ്രീമതി ശ്രീകല. എസ്. 01.07.2011 മുതൽ 30.06.2015 വരെ

ശൂന്യവേതനാവധി ദീർഘിപ്പിക്കുകയും 06.05.2011 ലെ സ.ഉ. (സാധാ) 1714/2011/പൊ.വി.വ പ്രകാരം അനുവദിച്ചു. അധിക തസ്തികയിൽ 04.06.2007 മുതൽ എന്നെ നിയമിച്ച 2007-2008 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലെ നിയമനം ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്തിക ഇല്ല എന്ന കാരണത്താൽ ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 29.01.2008 ലെ ഡി/2999/2007/എൽ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. ഞാൻ 04.06.2007 മുതൽ 2007-08 വർഷത്തെ അധിക തസ്തികയിൽ ജോലി ചെയ്തുവരവേയാണ് ശ്രീമതി. ശ്രീകല.എസ് 01.07.2007 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്നത്.

സ.ഉ. (പി) 317/2015/പൊ.വി.വ ഉത്തരവ് പ്രകാരം 2007-08 വർഷത്തെ അധിക തസ്തിക അനുവദിക്കുന്നതിന് സർക്കാർ നിരോധനം ഏർപ്പെടുത്തിയ സാഹചര്യത്തിൽ സ്ഥിരീകരിച്ച ഒഴിവില്ലാതെ വന്നതിനാൽ സീനിയർ ആയി നിയമിച്ച എനിക്ക് തുടരാൻ ഒഴിവില്ലാതെ വരികയും, ജൂനിയർ ആയി 02.07.2007 മുതൽ നിയമിച്ച ശ്രീ. ജി.ആർ.രാഗേഷിന് തുടരാൻ ഒഴിവുണ്ടാകുകയും ചെയ്തു. അതിനാൽ സീനിയർ ആയ എന്നെയും ശ്രീ.രാഗേഷിനെയും നിയമിക്കപ്പെട്ടിരുന്ന ഒഴിവുകളിൽ പരസ്പരം തസ്തിക മാറ്റി പരിഗണിച്ചത് പ്രകാരം സ്കൂളിൽ ആദ്യം നിയമിക്കപ്പെട്ട സീനിയർ ആയ എന്നെ 02.07.2007 മുതൽ 30.06.2011 വരെ ശ്രീമതി എസ്. ശ്രീകലയുടെ ശൂന്യവേതനാവധി ഒഴിവിലേക്ക് മാറ്റി നിയമിച്ചു കൊണ്ട് പുതിയ നിയമന പ്രൊപ്പോസൽ ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കുകയും, ആദ്യം ശ്രീമതി എസ്.ശ്രീകലയുടെ ശൂന്യവേതനാവധി ഒഴിവിൽ 02.07.2007 മുതൽ നിയമിച്ചിരുന്ന ശ്രീ.ജി.ആർ.രാഗേഷിനെ 2007-08 വർഷത്തെ അധിക തസ്തികയിൽ മാറ്റി നിയമിച്ച് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

എന്നെ മാറ്റി ക്രമീകരിച്ച 02.07.2007 മുതൽ 30.06.2011 വരെയുള്ള നിയമനം ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ 03.05.2008 ലെ ഡി/897/2008/എൽ.ഡിസ് പ്രകാരം നിരസിച്ചു. ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമനം നിരസിച്ചതിനെതിരെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകിയ അപ്പീൽ പെറ്റീഷൻ 01.08.2008 ലെ 4198/2008/ബി1/കെ.ഡിസ് ഉത്തരവ് പ്രകാരം നിരസിച്ചു.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ അപ്പീൽ 18.12.2008 ലെ എഫ്4/83392/2008/കെ.ഡിസ് ഉത്തരവ് പ്രകാരം അനുവദിക്കുകയും, 02.07.2007 മുതൽ

31.03.2011 വരെ ശ്രീമതി ശ്രീകല. എസ്സിൻ്റെ ശൂന്യവേതനാവധി ഒഴിവിൽ അംഗീകരിക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവ് നൽകുകയും ചെയ്തു. എന്നാൽ ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എൻ്റെ നിയമനം 02.07.2007 മുതൽ 31.03.2008 വരെ ദിവസവേതനാടിസ്ഥാനത്തിലും, 01.06.2008 മുതൽ 31.03.2011 വരെ ശമ്പള സ്കെയിലിലും അംഗീകരിച്ച് ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 24-02-2009 ലെ ഡി/5315/08/കെ.ഡിസ് പ്രകാരം ഉത്തരവായത്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.12.2008 ലെ ഉത്തരവിൽ 02.07.2007 മുതൽ 31.03.2011 വരെ നിയമനം അംഗീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. ടി ഉത്തരവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കുന്നതിന് യാതൊരു നിർദ്ദേശവും നൽകിയിട്ടില്ലായിരുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.12.2008 ലെ എഫ്4/83392/2008/കെ. ഡിസ്. ഉത്തരവിൽ 02.07.2007 മുതൽ 31.03.2011 വരെ (ശ്രീമതി ശ്രീകല.എസ്സിന്റെ 1.7.2007 മുതൽ 30.06.2011 വരെയുള്ള ശൂന്യവേതനാവധി) നിയമനം അംഗീകരിക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ 02.07.2007 മുതൽ 31.03.2008 വരെ ദിവസവേതനാടിസ്ഥാനത്തിലും. 01.06.2008 മുതൽ 31.03.2011 വരെ റഗുലർ ശമ്പള സ്കെയിലിലും എന്റെ നിയമനം 24-02-2009 ലെ ഉത്തരവ് പ്രകാരം അംഗീകരിച്ചത്. ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ടി ഉത്തരവിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ 01.08.2009 ലെ എഫ്4/36478/2009/ഡിപിഐ/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു.

തുടർന്ന് വാഴപ്പള്ളി എൽ.പി.എസ്സിലെ 2007-08 വർഷത്തെ എൽ.പി.എസ്.എ. യുടെ അധിക തസ്തിക അനുവദിച്ച് തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചു. അതുപ്രകാരം അനുവദിച്ച അധിക തസ്തികയും, ശ്രീമതി ശ്രീകല.എസ്സ് വീണ്ടും എടുത്ത 01.07.2011 മുതൽ 30.06.2015 വരെയുള്ള ശൂന്യവേതനാവധി ഒഴിവും നിലവിൽ വന്നു. ശ്രീമതി ശ്രീകല.എസ്. 01.07.2011 മുതൽ 30.06.2015 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് എടുത്ത ഒഴിവിൽ എന്റെ നിയമനം 01.06.2011 മുതൽ 31.03.2015 വരെ ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ 13-01-2012 ലെ ഡി/2565/2011/കെ.ഡിസ് ഉത്തരവ് പ്രകാരം അംഗീകരിച്ചു. എൽ.പി.എസ്.എ അധിക തസ്തിക അനുവദിച്ച സാഹചര്യത്തിൽ സീനിയർ ആയി ആദ്യം നിയമിക്കപ്പെട്ട എന്നെ ലീവ് വേക്കൻസിയിലും, ജൂനിയർ ആയ രാഗേഷിനെ റഗുലർ വേക്കൻസിയിലും തുടരാൻ അനുവദിക്കുന്നത് ഉചിതമല്ലെന്നതിനാൽ വീണ്ടും ആദ്യം

നിയമിച്ചതുപോലെ എന്നെ റഗുലർ ഒഴിവിലും (04.06.2007), രാഗേഷിനെ ശ്രീമതി. ശ്രീകലയുടെ ശൂന്യവേതനാവധി ഒഴിവിലും (02.07.2007) മാറ്റി ക്രമീകരണം നടത്തി നിയമിച്ച് നിയമനം അംഗീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിക്കുകയുണ്ടായി. എനിക്ക് 04.06.2007 മുതലും ശ്രീ. ജി.ആർ. രാഗേഷിന് 02.07.2007 മുതലും വേക്കൻസി ഉള്ളതിനാൽ സ്കൂളിൽ എൽ.പി.എസ്.എ. ആയി തുടർന്നുവന്നു. അതായത് 2007-08 ൽ എൽ.പി.എസ്.എ.യുടെ ഒരു തസ്തിക പുതുതായി അനുവദിച്ചതിനാൽ എനിക്ക് 04.06.2007 മുതൽ റഗുലർ തസ്തികയും, ശ്രീ.രാഗേഷിന് 02.07.2007 മുതൽ 30.06.2015 വരെ ശ്രീമതി ശ്രീകല.എസ്സിന്റെ ശൂന്യവേതനാവധി ഒഴിവുമാണ് നിലനിന്നിരുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ 5.10.2013 ലെ എഫ്4/59313/2010/കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം റിവിഷൻ അപ്പീൽ അനുവദിച്ച് ഉത്തരവായി.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.12.2008 ലെ ഉത്തരവ് പ്രകാരമാണ് എന്റെ നിയമനം 02.07.2007 മുതൽ 31.03.2011 വരെ ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചത്. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.10.2013 ലെ ഉത്തരവിൽ എൻ്റെ നിയമനം അഡീഷണൽ തസ്തികയിൽ 01.06.2011 മുതൽ അംഗീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായതിനെ തുടർന്ന് ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ 28-12-2013 ലെ ഡി/4994/2013 പ്രകാരം അംഗീകരിച്ചത്. ടി ഉത്തരവിൽ ദിവസവേതനാടിസ്ഥാനത്തിലും ലീവ് വേക്കൻസിയിലും വാങ്ങിയ ശമ്പളം തിരിച്ചടയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു. അതുപ്രകാരം ശ്രീമതി ശ്രീകല.എസ്സിന്റെ ശൂന്യവേതനാവധി ഒഴിവിൽ 01.06.2011 മുതൽ 31.10.2013 വരെ വാങ്ങിയ ശമ്പളം 505825/- രൂപ 16.12.2013 ൽ ചെല്ലാൻ നമ്പർ 114-ആയി ചാത്തന്നൂർ ട്രഷറിയിൽ തിരിച്ചടയ്ക്കുകയും ചെയ്തു.

അതിന് ശേഷം 01.06.2011 മുതൽ അധിക തസ്തികയിലെ ശമ്പളം കൃത്യമായി വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇവിടെ എന്റെ വിഷയം ശ്രീമതി ശ്രീകല.എസിന്റെ 01.07.2007 മുതൽ 30.06.2011 വരെയുള്ള അവധി ഒഴിവിൽ 02.07.2007 മുതൽ 31.05.2011 വരെയുള്ള ശൂന്യവേതനാവധിയിൽ തുടർച്ചയായി നിയമനം അംഗീ കരിക്കണമെന്നതാണ്. അതിന് ഉപോൽബലകമായി എടുത്തു പറയാനുള്ളത്:

1) ശ്രീമതി ശ്രീകല.എസ്സിൻ്റെ 02.07.2007 മതുൽ 30.06.2011 വരെയും 01.07.2011 മുതൽ 30.06.2015 വരെ ശൂന്യവേതനാവധി സർക്കാർ അനുവദിച്ചിട്ടുള്ള സാഹചര്യത്തിലും ;

2) 02.07.2007 മുതൽ 31.10.2013 വരെ ശ്രീമതി ശ്രീകല.എസ്സിന്റെ ലീവ് ഒഴി വിൽ തുടർന്നുവന്ന സാഹചര്യത്തിലും ;

3) ശ്രീ.റാഷിദിൻ്റെ നിയമനം അധിക തസ്തികയിൽ 01.06.2011 മുതൽ അംഗീ കരിക്കുന്നതിന് നിർദ്ദേശിച്ച് 05.10.2013 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ എഫ്4/59313/2010 ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ്.

ശ്രീ.രാഗേഷ്.ജി.ആർ - നെ ആദ്യം 02.07.2007 മുതൽ 31.05.2011 വരെ എസ്. ശ്രീകലയുടെ ശൂന്യവേതനാവധിയിൽ നിയമിച്ച ഒഴിവിലും പിന്നീട് എന്റെ ഒഴിവിൽ ശ്രീ.രാഗേഷ് ജി.ആർ-നെ ക്രമീകരിച്ചുവെങ്കിലും ടിയാൾ ശമ്പളം ഒന്നും വാങ്ങിയിട്ടില്ല. അതുമല്ല, ശ്രീ.രാഗേഷ് ജി.ആർ. ജോലിയിൽ നിന്നും 31-03-2013 ൽ രാജിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.10.2013 ലെ കത്തിന്റെ നിർദ്ദേശത്തെ തുടർന്ന് 01.06.2011 മുതൽ 31.10.2013 വരെയുള്ള ശമ്പളം തിരികെ അടച്ചതും, പിന്നീട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ തന്നെ 05.10.2013 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.06.2011 മുതൽ അധിക തസ്തികയിലെ നിയമനം അംഗീകരിച്ചതിനാൽ ശമ്പളം ക്ലെയിം ചെയ്യാനുണ്ടായ സാഹചര്യം സംജാതമായത്. യഥാർത്ഥത്തിൽ 02.07.2007 മുതൽ 31.05.2011 വരെ, അതായത് 2007-08 തസ്തിക ഉത്തരവ് പ്രകാരം അധിക എൽ.പി.എസ്.എ തസ്തിക 01.06.2011 മുതൽ അനുവദിക്കുന്നത് വരെ ശ്രീമതി ശ്രീകല. എസ്സിൻ്റെ 01.07.2007 മുതൽ 31.05.2011 വരെയുള്ള ശൂന്യവേതനാവധിയിലാണ് ജോലി ചെയ്ത്ിരുന്നത്. ശ്രീമതി ശ്രീകല. എസ്സിന്റെ ശൂന്യവേതനാവധി ഒഴിവ് റഗുലർ തസ്തികയാണ്. അതിനാൽ ഞാൻ ജോലി ചെയ്ത 02.07.2007 മുതൽ 31.05.2011 വരെ റഗുലർ ശമ്പള സ്കെയിലിൽ വെക്കേഷൻ ശമ്പളം ഉൾപ്പെടെ അനുവദനീയമാണ്.

എനിക്ക് 8, 15 വർഷത്തെ ഹയർ ഗ്രേഡ്, സീനിയർ ഗ്രേഡ് എന്നിവ 01.06.2008 മുതൽ 31.03.2011 വരെയുള്ള റഗുലർ സർവ്വീസും, 01.06.2011 മുതലുള്ള അധിക തസ്തികയിലെ സർവ്വീസും പരിഗണിച്ചാണ് അനുവദിച്ചിരിക്കുന്നത്. ശ്രീമതി. ശ്രീകല.എസ്സിൻ്റെ ശൂന്യവേതന ഒഴിവ് വ്യവസ്ഥാപിതമായതിനാൽ 02.07.2007 മുതൽ തുടർച്ചയായി നിയമനാംഗീകാരം അനുവദനീയമാണ്. ആയതിലേക്ക് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് 14.10.2015 ലെ ഗവൺമെന്റ് കത്ത് നമ്പർ 44977/ജെ2/2011 പ്രകാരമുള്ള കത്തിലെ നിർദ്ദേശമാണ്. ബഹു. കേരള ഹൈക്കോടതിയിലെ 01.11.2013 ലെ റിട്ട്ഹർജി (സി) 17893/13 വിധിന്യായത്തിന്റെ

അടിസ്ഥാനത്തിൽ, ഫയൽ ചെയ്ത CA No. 1643/13 Sneha Cheriyan Vs State of Kerala 22.02.2013 കേസിലെ CA No. 1643/13 (1) KLT 755 വിധിന്യായ പ്രകാരം സർക്കാർ 14.10.2015 ലെ ഗവൺമെന്റ് കത്ത് നമ്പർ 44977/ജെ2/2013/പൊ.വി.വ കത്തിൽ വെക്കേഷൻ ശമ്പളം അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ടി കത്തിലെ നിർദ്ദേശം താഴെ പറയുംപ്രകാരമാണ്.

Teachers appointed for a period of more than one academic year against vacancies occurred due to death, retirement, promotion, resigna-tion, long term leave, etc will be entitled to get regular scale of pay irre-spective of the time in which he/she is appointed during the course of that academic year subject to Rule 49 of Chapter XIV A KER which implies he/she will not be getting his/her vacation salary if he/she does not complete 8 months.

14.10.2015 ലെ ഗവൺമെൻ്റ് കത്ത് നമ്പർ 44977/ജെ2/2013, 05.03.2018 ലെ ഗവ. കത്ത് നമ്പർ ജെ3/182/2017/പൊ.വിവ എന്നീ കത്തുകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.07.2018-ലെ പുറത്തെഴുത്ത് കത്ത് നമ്പർ 21278/2018 കത്തിൽ ടി 14.10.2015, 05.03.2018 എന്നീ സർക്കുലർ കത്തുകളുടെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും അനന്തര നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്. ടി കത്തിൽ ശമ്പള സ്കെയിൽ അനുവദിക്കാത്തതോ, വെക്കേഷൻ സാലറി ലഭിക്കാത്തതോ ആയി ബന്ധപ്പെട്ട വിഷയത്തിൽ ഇതിനകം നിരസിക്കപ്പെട്ടിട്ടുള്ള കേസുകൾ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

ഇക്കാര്യം 05.03.2018 ലെ ഗവൺമെൻ്റ് കത്ത് നമ്പർ ജെ3/182/2017/പൊ. വി.വ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു: "Teachers Ap-pointed in permanent vacancies in Aided School shall be eligible for vaca-tion salary irrespective of length of service"

എന്റെ കേസിന് സമാനമായി കൊട്ടാരക്കര എസ്.എം. എച്ച്.എസ്. സ്കൂളിലെ എച്ച്.എസ്.റ്റി. (എസ്.എസ്) ശ്രീമതി ജാസ്മിൻ ബഷീറിൻ്റെ നിയമനം ഇത്തരത്തിൽ പരിമിതപ്പെടുത്തിയത് മുകളിൽ പറഞ്ഞ ഗവൺമെന്റ് കത്തുകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.12.2019 ലെ ഡിജിഇ/7677/2019/ഇറ്റി1

നമ്പർ കത്തിൻ്റെ അടിസ്ഥാനത്തിലും, കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ ടി ജാസ്മിൻ ബഷീറിന്റെ നിയമനം പരിഷ്കരിച്ച് നൽകിയിട്ടുണ്ട്.

14.10.2015- ലെ ഗവൺമെന്റ് കത്ത് നമ്പർ 44977/ജെ2/2013, 05.03.2018ലെ ഗവൺമെൻ്റ് കത്ത് നമ്പർ 182/2017/ജെ3, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.07.2018-ലെ പുറത്തെഴുത്ത് കത്ത് നമ്പർ 21278/2018 എന്നിവയിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്റെ നിയമനം 02.07.2007 മുതൽ 31.05.2011 വരെ തുടർച്ചയായി അംഗീകരിച്ച് വെക്കേഷൻ ശമ്പളം ഉൾപ്പെടെ അനുവദിക്കുന്നതിന് വേണ്ട നിർദ്ദേശം ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകി റിവിഷൻ പെറ്റീഷൻ അനുഭാവപൂർവ്വം പരിഗണിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു.

3.**പൊതു വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് താഴെ കാണാവുന്നതാണ് :**

വാഴപ്പള്ളി എൽ.പി.എസ്. ലെ 2007-2008 ലെ പ്രതീക്ഷിത അധിക തസ്തികയിൽ 04/06/2007 മുതൽ ശ്രീ.യു.എം. റാഷിദിനെ സ്കൂൾ മനേജർ നിയമിച്ചു. വ്യവസ്ഥാപിത തസ്തിക ലഭ്യമല്ലാത്തതിനാൽ ഉപജില്ലാ കാര്യാലയത്തിൽ നിന്നും ടി നിയമനം നിരസിക്കുകയുണ്ടായി. വാഴപ്പള്ളി എൽ.പി.എസ്. ലെ എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി. ശ്രീകല എസ്. 01/07/2007 മുതൽ 30/06/2011 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിലേയ്ക്ക് ശ്രീ. ജി. ആർ. രാജേഷ് എന്ന നിയമനാർത്ഥിയെ നിയമിക്കുകയുണ്ടായി. ശ്രീമതി. ശ്രീകല.എസ്. ൻ്റെ ശൂന്യവേതനാവധി അംഗീകരിച്ചു ലഭ്യമായപ്പോൾ രാജേഷ്. ജി.ആർ. ന് നിയമിച്ച ഒഴിവ് സ്ഥാപിതമായി.

04/06/2007 മുതൽ സ്കൂളിൽ ജോലി ചെയ്ത റാഷിദ് യു.എം. നെ 02/07/2007 മുതൽ സ്കൂളിൽ സ്ഥാപിതമായ ശ്രീമതി ശ്രീകല എസ്. ൻ്റെ അവധി ഒഴിവിൽ 02/07/2007 മുതൽ 30/06/2011 വരെ മാറ്റി നിയമിക്കുകയുണ്ടായി. ഈ തസ്തികയിൽ സേവനത്തിൽ തുടർന്നുവന്ന ശ്രീ. രാജേഷ് ജി.ആർ.നെ ശ്രീ. റാഷിദ് യു.എം. ജോലി ചെയ്തിരുന്ന അവധി ഒഴിവിലേയ്ക്ക് മാറ്റി ക്രമീകരിക്കുകയും ചെയ്തു. ഇത്തരത്തിൽ മാറ്റി ക്രമീകരിച്ച നിയമനം പ്രൊപ്പോസൽ ഉപജില്ലാ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു. ഇതിനെതിരായി സമർപ്പിച്ച അപ്പീൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറും നിരസിച്ചു. സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ ഈ ഓഫീസിൽ അംഗീകരിക്കുകയും ശ്രീ. യു.എം.റാഷിദിനെ ശ്രീമതി. ശ്രീകല എസ്. ൻ്റെ ശൂന്യ വേതന അവധിയിൽ ക്രമീകരിച്ചത് പരിഗണിക്കുവാൻ ഉപജില്ലാ കാര്യാലയത്തിലേയ്ക്ക് നിർദ്ദേശം

നൽകുകയും ചെയ്തു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. യു.എം. റാഷിദിൻ്റെ 02/07/2007 മുതൽ 30/06/2011 വരെയുള്ള നിയമനം, 02/07/2007 മുതൽ 31/03/2008 വരെ ദിവസവേതന അടിസ്ഥാനത്തിലും 01/06/2008 മുതൽ 31/03/2011 വരെ റെഗുലർ വ്യവസ്ഥയിലും അംഗീകരിച്ച നൽകി.

ശ്രീമതി ശ്രീകല എസ്. ൻ്റെ ശൂന്യവേതന അവധി 01/07/2011 മുതൽ 30/06/2015 വരെ നീട്ടുന്നതിന് അപേക്ഷ നൽകുകയും ആയത് അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ സ്കൂൾ മാനേജർ ശ്രീ. യു.എം. റാഷിദിനെ 01/07/2011 മുതൽ 30/06/2015 വരെ എൽ.പി.എസ്.ടി. ആയി നിയമിക്കുകയും ടി നിയമനം ഉപജില്ലാ കാര്യാലയത്തിലെ ഡി2/2565/2011 തീയതി 13/01/2012 ഉത്തരവ് പ്രകാരം അംഗീകരിച്ച നൽകുകയും ചെയ്തു.

2007-2008 ലെ തസ്തിക നിർണയ ഉത്തരവ് പ്രകാരം അനുവദിച്ച അധിക തസ്തികയിലേക്ക് സ്കൂൾ മാനേജർ 01/06/2011 മുതൽ മാറ്റി നിയമിക്കുകയും ഈ നിയമനം ഉപജില്ലാ കാര്യാലയത്തിലെ ഡി/4994/23 തീയതി 28/12/2013 ലെ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകുകയും ചെയ്തു. മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേലുള്ള 05/10/2013 ലെ F4/59313/10/DPI ഉത്തരവിലെ നിർദ്ദേശപ്രകാരമാണ് 01/06/2011 മുതൽ ശ്രീ. യു.എം. റാഷിദിന്റെ നിയമനം അംഗീകരിച്ച നൽകിയത്. 02/07/2007 മുതൽ 31/05/2011 വരെ നിയമനം തുടർച്ചയായി അംഗീകരിച്ച നൽകണം എന്നാണ് ഹർജിക്കാരൻ്റെ ആവശ്യം. ശ്രീ റാഷിദിൻ്റെ 02/07/2007 മുതൽ 30/06/2011 വരെയുള്ള നിയമനം പരിഗണിക്കുന്ന സമയത്ത് സ്കൂൾ തുറക്കുന്ന ദിവസം മുതൽ നിയമനം ലഭിക്കുന്നയാൾക്ക് മാത്രമേ റെഗുലർ വ്യവസ്ഥയിൽ നിയമനം അംഗീകരിച്ച നൽകിയിരുന്നുള്ളു. സ്കൂൾ തുറക്കുന്ന ദിവസത്തിന് ശേഷം നിയമനം ലഭിക്കുന്നവർക്ക് ആ അദ്ധ്യയന വർഷം അവസാനം വരെ ദിവസവേതന അടിസ്ഥാനത്തിലും അടുത്ത അദ്ധ്യയന വർഷം മുതൽ റഗുലർ വ്യവസ്ഥയിലുമാണ് നൽകിയിരുന്നത്. പ്രസ്തുത സാഹചര്യത്തിലാണ് ശ്രീ. യു.എം. റാഷിദിൻ്റെ നിയമനം 02/07/2007 മുതൽ 31/03/2008 വരെ ദിവസവേതന അടിസ്ഥാനത്തിലും 01/06/2008 മുതൽ 31/03/2011 വരെ ശമ്പള സ്കെയിലിലും അനുവദിച്ച നൽകിയിട്ടുണ്ടെന്നു എ ഇ ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 14/10/2025 ലെ 44977/ജെ 2/2013/പൊ വി വ കത്തിൽ വെക്കേഷൻ ശമ്പളം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം താഴെ പറയും പ്രകാരമാണ്.

Teachers appointed for a period of more than one academic year against vacancies

occured due to death, retirement, promotion, resignation, long term etc will be entitled to get regular scale of pay irrespective of the time in which he/she is appointed during the course of that academic year subject to Rule 49 of chapter XIV A KER which implies he/she will not be getting his/her vacation salary if he/she does not complete 8 months.

മേൽ സാഹചര്യത്തിൽ ടിയാളുടെ 02/07/2007 മുതൽ 31/05/2011 വരെയുള്ള നിയമനം ശമ്പള സ്കെയിലിൽ തുടർച്ചയായി അംഗീകരിച്ച് നല്കാവുന്നതായി കാണുന്നു എന്ന വിവരം അറിയിക്കുന്നു.

4.സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വാഴപ്പള്ളി എൽ.പി.എസിൽ ശ്രീമതി.ശ്രീകല.എസ്. ന്റെ അവധി ഒഴിവിൽ 02.07.2007 മുതൽ 30.06.2011 വരെ ശ്രീ. റാഷിദ്.യു,എം. നെ മാനേജർ നിയമിച്ചു. 02.07.2007 മുതൽ 30.06.2011 വരെയുള്ള നിയമനം 02.07.2007 മുതൽ 31.03.2008 വരെ ദിവസവേതനാടിസ്ഥാനത്തിലും 01.06.2008 മുതൽ 31.03.2011 വരെ റെഗുലർ വ്യവസ്ഥയിലും ആണ് അംഗീകരിക്കപ്പെട്ടത്. ശ്രീമതി. ശ്രീകല.എസ്- ന്റെ ശൂന്യവേതനാവധി 01.07.2011 മുതൽ 30.06.2015 വരെ നീട്ടിയ സാഹചര്യത്തിൽ ശ്രീ. യു.എം. റാഷിദിനെ 01.07.2011 മുതൽ 30.06.2015 വരെ എൽ.പി.എസ്.ടി. ആയി നിയമനാംഗീകാരം ലഭിച്ചു. 2007-2008 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ച അധിക തസ്തികയിലേക്ക് 01.06.2011 മുതൽ ശ്രീ.യു.എം. റാഷിദിനെ മാറ്റി നിയമിച്ചതിന് നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. 02.07.2007 മുതൽ 31.05.2011 വരെ നിയമനം തുടർച്ചയായി അംഗീകരിച്ച് നൽകണം എന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

5.ശ്രീ റാഷിദിന്റെ 02.07.2007 മുതൽ 31.06.2011 വരെയുള്ള നിയമനം പരിഗണിക്കുന്ന സമയത്ത് സ്കൂൾ തുറക്കുന്ന ദിവസം മുതൽ നിയമനം ലഭിക്കുന്നയാൾക്ക് മാത്രമേ റെഗുലർ വ്യവസ്ഥയിൽ നിയമനം ലഭിച്ചിരുന്നുള്ളൂ. സ്കൂൾ തുറക്കുന്ന ദിവസത്തിന് ശേഷം നിയമനം ലഭിക്കുന്നവർക്ക് ആ അദ്ധ്യയന വർഷം അവസാനം വരെ ദിവസവേതനാടിസ്ഥാനത്തിലും അടുത്ത അധ്യായന വർഷം മുതൽ റെഗുലർ വ്യവസ്ഥയിലുമാണ് നിയമനം നൽകിയിരുന്നത്. പ്രസ്തുത സാഹചര്യത്തിലാണ് ശ്രീ.യു.എം.റഷീദിന്റെ നിയമനം 02.07.2007 മുതൽ 31.03.2008 വരെ ദിവസ വേതനാടിസ്ഥാനത്തിലും 01.08.2008 മുതൽ 31.03.2011 വരെ ശമ്പള സ്കെയിലിലും അനുവദിച്ച് നൽകിയത്. 14/10/2025 ലെ 44977/ജെ2/2013/GEdn കത്തിലെ വെക്കേഷൻ ശമ്പളം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണിച്ച് ശ്രീ. റാഷിദിന്റെ 02.07.2007 മുതൽ

31.05.2011 വരെയുള്ള നിയമനം ശമ്പള സ്കെയിലിൽ തുടർച്ചയായി അംഗീകരിച്ച നൽകാവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5.മേൽ സാഹചര്യത്തിൽ വാഴപ്പള്ളി എൽ.പി.എസ്-ലെ ശ്രീ. യു.എം റാഷിദിന്റെ 02.07.2007 മുതൽ 31.05.2011 വരെയുള്ള നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, 14/10/2015 തീയതിയിലെ 44977/J2/2013/G.Edn കത്തിലെ വ്യവസ്ഥകൾ പ്രകാരം ശമ്പള സ്കെയിലിൽ വെക്കേഷൻ സാലറി ഉൾപ്പെടെ, തുടർച്ചയായി അംഗീകരിച്ച നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനുള്ള നിർദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി അപ്രകാരം വാഴപ്പള്ളി എൽ.പി. എസ്സ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

മാനേജർ, വാഴപ്പള്ളി എൽ.പി.എഎസ്, ഉമയനല്ലൂർ, കൊല്ലം

പൊതു വിദ്യാഭ്യാസ (ജെ. എ) വകുപ്പ്, (GE-JA1/206/2026-G.EDN dtd,14.05.2026)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്,

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Signed by Ragasmitha V M**
**Date: 22-06-2026 10:50:59**